LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) |
|---|---|
| 6. ഫ്ലയിംഗ് സ്ക്വാഡ് റെയിഞ്ച് ഓഫീസ്, കുട്ടനെല്ലൂർ പി.ഒ, പിൻ-680 014 | 0487 2459678 |
| 7. ക്യാമ്പ് ഓഫീസ്, സുവോളജിക്കൽ പാർക്ക്, പുത്തൂർ, കുട്ടനെല്ലൂർ പി.ഒ, പിൻ-680 014 | 0487 2353455 |
| 8. വൈൽഡ് ലൈഫ് ഡിവിഷൻ, പീച്ചി, പീച്ചി. പി.ഒ, വിലങ്ങന്നൂർ, പിൻ-680 653 | 0487 2699017 |
| 9. പീച്ചി-വാഴാനി വന്യജീവി സങ്കേതം, പീച്ചി. പി.ഒ, വിലങ്ങന്നൂർ, പിൻ-680 653 | 0487 2698333 |
| 10. ഒളകര ഫോറസ്റ്റ് സ്റ്റേഷൻ, വാണിയംപാറ പി.ഒ, പിൻ-680 652 | ടെലഫോൺ ഇല്ല. |

## പരിസ്ഥിതി ദിനത്തിൽ നട്ടുപിടിപ്പിച്ച വൃക്ഷത്തൈകൾ

109(807) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകപരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ഒരു കോടി വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ച പദ്ധതിപ്രകാരം ഏതൊക്കെ വൃക്ഷത്തൈകളാണ് വിതരണം ചെയ്തതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ പദ്ധതിക്കായി എന്തു തുക ചെലവഴിച്ചു;

(സി) കഴിഞ്ഞ വർഷം ലോക പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് നട്ടുപിടിപ്പിച്ച വൃക്ഷത്തൈകളിൽ എത്ര ശതമാനം നിലവിലുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) ലോകപരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വനംവകുപ്പ് 72.05 ലക്ഷം തൈകളാണ് ഉൽപ്പാദിപ്പിച്ചത്. അവയിൽ ഫലവൃക്ഷത്തൈകൾ, ഔഷധസസ്യങ്ങൾ, പൂമരങ്ങൾ എന്നീ വിഭാഗത്തിൽപ്പെട്ട തൈകൾ ഉൾപ്പെടുന്നു. അവയിൽ പ്രധാനപ്പെട്ട വൃക്ഷത്തൈകൾ ആര്യവേപ്പ്, സീതപ്പഴം, പേര, കണിക്കൊന്ന, മന്ദാരം, മുള,

LIBRARY ARCHIVES Kerala Legislative Assembly

കശുമാവ്, അഗസ്ത്യചീര, ഗുൽമോഹർ, പ്ലാവ്, പുളി, നെല്ലി, മഹാഗണി, ചന്ദനം, ലക്ഷ്മിതരു, നീർമരുത്, ഉങ്ങ്, കറിവേപ്പ്, ഇലഞ്ഞി, പൂവരശ്, ചമത, വേങ്ങ, കൂവളം, മാതളം, റമ്പൂട്ടാൻ, നാരകം, സപ്പോട്ട, ബദാം, കുടമ്പുളി, ഞാവൽ, രാമപ്പഴം, പാരിജാതം, ആഞ്ഞിലി, ലെക്കോട്ട, മൈല, വെള്ളകിൽ, അശോകം, പലകപ്പയ്യാനി, കാട്ടുജാതി, മരമുള, മഞ്ചാടി, ജക്രാന്ത, തേക്ക് എന്നിവയാണ്.

(ബി) ഈ പദ്ധതിക്കായി നടപ്പുവർഷം 734.30 ലക്ഷം രൂപ നാളിതുവരെ ചെലവാക്കിയിട്ടുണ്ട്.

(സി) കഴിഞ്ഞ വർഷം ലോക പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് നട്ടുപിടിപ്പിച്ച വൃക്ഷത്തൈകളിൽ 64% അതിജീവിച്ചിട്ടുള്ളതായി റിപ്പോർട്ടുകൾ ലഭ്യമായിട്ടുണ്ട്.

### മൂന്നാർ കുറിഞ്ഞിമല വനഭൂമി കയ്യേറ്റം

110(808) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയോദ്യാനമായ മൂന്നാർ കുറിഞ്ഞിമല സങ്കേതത്തിൽ ഉൾപ്പെട്ട വട്ടവട, കൊട്ടക്കാമ്പൂർ വില്ലേജുകളിലെ നൂറുകണക്കിനേക്കർ വനഭൂമി കയ്യേറ്റംമൂലം സർക്കാരിന് നഷ്ടപ്പെട്ടതായി വനം-സർവ്വേ വകുപ്പുകളുടെ സംയുക്ത പരിശോധനയിൽ കണ്ടെത്തുകയുണ്ടായോ;

(ബി) മൂന്നാർ വനം ഡിവിഷന്റെ പരിധിയിൽ വരുന്ന ഇവിടെ വനഭൂമി മാത്രം 2717 ഏക്കർ കയ്യേറിയതായ റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ;

(സി) നീലക്കുറുഞ്ഞി പൂക്കുന്ന സങ്കേതം സംരക്ഷിക്കാനുള്ള പദ്ധതികൾ യാഥാർത്ഥ്യമാകാത്തത് കയ്യേറ്റത്തിന് സഹായകമായതായി കരുതുന്നുണ്ടോ; എങ്കിൽ ഈ പ്രദേശമടക്കം വനഭൂമി കയ്യേറ്റം തടയുന്നതിനും കയ്യേറിയവ തിരിച്ചുപിടിക്കുന്നതിനും എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) വന്യജീവി സങ്കേതവുമായി ബന്ധപ്പെട്ട സെറ്റിൽമെന്റ് പ്രവർത്തനങ്ങൾ പൂർത്തിയാകാത്തതിനാൽ വനം, റവന്യൂ, സർവ്വേ വകുപ്പുകൾ ഉൾപ്പെട്ട സംയുക്ത പരിശോധന നടന്നിട്ടില്ല.

(ബി) മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷന്റെ പരിധിയിലുള്ള ഈ സ്ഥലത്ത് സ്വകാര്യഭൂമി കണ്ടെത്തുന്നതിനായി സെറ്റിൽമെന്റ് ഓഫീസറെ നിയോഗിച്ചുവെങ്കിലും സെറ്റിൽമെന്റ് നടപടികൾ പൂർത്തിയായിട്ടില്ലാത്തതിനാൽ കയ്യേറ്റം എത്രയെന്ന് കണക്കാക്കാൻ കഴിഞ്ഞിട്ടില്ല.